# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.332. 25.06.2013 ൽ മറുപടിയ്ക്ക്.

കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, സി. മമ്മൂട്ടി<br>,, എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഡ്രൈവിംഗ് ടെസ്റ്റ് നടത്തി ലൈസൻസ് നല്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം പര്യാപ്തമല്ലെന്നും, കാലാനുസൃത പരിഷ്കരണം ആവശ്യമാണെന്നുമുള്ള കാര്യം പരിഗണിച്ചിട്ടുണ്ടോ ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ, എന്തൊക്കെ പരിഷ്കരണ നടപടികളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനുള്ള ടെസ്റ്റിന് ഹാജരാകുന്നതിന് മുന്നോടിയായി അപേക്ഷകൻ പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് ട്രെയിനിംഗിന് നിർബന്ധമായി ഹാജരാകേണ്ടതാണ്. പ്രസ്തുത ക്ലാസ്സിൽ ഹാജരായി എന്നുള്ളതിന്റെ തെളിവ് നൽകിയാൽ മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിന് വിധേയനാകുവാൻ അപേക്ഷകനെ അനുവദിക്കാറുള്ളു. ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്നവരുടെ സാങ്കേതികമായ അറിവ് പരീക്ഷിക്കുന്നുണ്ട്. കൂടാതെ 'T' മാതൃകയിലുള്ള ടെസ്റ്റിംഗ് ട്രാക്കിൽ വാഹനം ഓടിച്ച് അവരുടെ പ്രാഗത്ഭ്യം പരീക്ഷിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത് 01/07/2013 മുതൽ നടപ്പാക്കുന്നതാണ്.<br>ഡ്രൈവർമാർക്ക് ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഒരു ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഡ്രൈവിംഗ് ടെസ്റ്റ് സുതാര്യവും കാര്യക്ഷമതയുള്ളതുമാക്കി തീർക്കുന്നതിലേക്കായി കമ്പ്യൂട്ടർവത്കൃത ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി ഡ്രൈവർമാരുടെ ഡ്രൈവിംഗിലുള്ള നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും. അപ്രകാരം റോഡപകടങ്ങൾ കുറയ്ക്കുവാനും, ഇന്ധന |

| | | |
|---|---|---|
| | | ഉപയോഗം, വാഹനങ്ങളുടെ കാല ക്രമേണയുള്ള അറ്റകുറ്റപ്പണികൾ, എന്നിവ കുറയ്ക്കുവാനും അതുവഴി അന്തരീക്ഷ മലിനീകരണം ഗണ്യമായി നിയന്ത്രിക്കുവാനും സാധിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ഡ്രൈവിംഗ് പരിശോധന നടത്തുന്നതിനാൽ ഏകപക്ഷീയമായ തീരുമാനങ്ങളും ആരോപണങ്ങളും ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നതാണ്. അപേക്ഷകനെ പരിശോധിക്കുന്നതിന് കുറച്ച് സമയം മതിയാകുമെന്നതിനാൽ കൂടുതൽ അപേക്ഷകരെ ഒരു ദിവസം പരിശോധിക്കുവാനും കഴിയും. ട്രാൻസ്പോർട്ട് വാഹനമോടിക്കുന്നതിനുള്ള ലൈസൻസിന്റെ ടെസ്റ്റ് പരിഷ്കരിച്ചുകൊണ്ട് ഗതാഗത കമ്മീഷണർ 05/03/2013 ൽ പുറപ്പെടുവിച്ച സർക്കുലർ 01/07/2013 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഡ്രൈവർ വാഹനത്തിനുള്ളിൽ പ്രവേശിക്കുന്നതിന് മുൻപ് വാഹനത്തിൽ നടത്തേണ്ട പരിശോധനകളും ഡ്രൈവിംഗ് സീറ്റിൽ ഇരുന്ന ശേഷം ഡ്രൈവിംഗ് ആരംഭിക്കുന്നതിന് മുൻപ് നടത്തേണ്ടതായ പരിശോധനകൾ സംബന്ധിച്ചും 'T' രൂപത്തിലുള്ള ട്രാക്കിൽ കൂടി വാഹനം നിർദ്ദിഷ്ട രീതിയിൽ ഓടിക്കുന്നതു സംബന്ധിച്ചും റോഡ് ടെസ്റ്റിൽ പാർക്കിംഗ് സംബന്ധിച്ചും ഉള്ള ടെസ്റ്റുകൾ ആണ് പുതുതായി ഏർപ്പെടുത്തുന്നത്. |
| (സി) കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായെന്ന് വിശദമാക്കുമോ ; | (സി) | നിലവിൽ കോഴിക്കോട് ചേവായൂരിലും കണ്ണൂരിലെ ഇളയാവൂരിലും ഓരോ കമ്പ്യൂട്ടർവത്കൃത ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തിരുവനന്തപുരത്തെ മുട്ടത്തറയിലും എറണാകുളത്തെ തുതിയൂരിലും ഓരോ ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നിലം നികത്തുന്നതിനും മറ്റ് അനുബന്ധ പ്രവർത്തികൾക്കുമായി 470 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ ഉടൻ തുടങ്ങുന്നതാണ്. |
| (ഡി) ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ കാര്യത്തിൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലോ ചട്ടങ്ങളിലോ ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള വ്യക്തികൾക്ക് ലൈസൻസ് നല്കുന്നതിനുള്ള വ്യവസ്ഥകളൊന്നും പ്രതിപാദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികലാംഗർ ഓടിക്കുന്ന പരിവർത്തനം |

| | | |
|---|---|---|
| | | ചെയ്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിനും വേണ്ട തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർ 24/04/2012 ൽ എല്ലാ ഡി.റ്റി.സി.മാർക്കും ആർ.ടി.ഓ. മാർക്കും ജോയിന്റ് ആർ.ടി.ഓ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.